LIBRARY ARCHIVES Kerala Legislative Assembly

ഫെയർ സ്റ്റേജും ബസ് ചാർജ്ജും

*5 [94] ശ്രീ. ജോർജ്ജ് ജെ. മാത്യു:

,, എം. പി. ഗംഗാധരൻ:

,, ടി. വി. ചന്ദ്രമോഹൻ:

,, ടി. യു രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ഫെയർ സ്റ്റേജ് നിർണ്ണയം നടന്നത് എന്നാണ്;

(ബി) ഫെയർസ്റ്റേജും കിലോമീറ്ററിന് ഏർപ്പെടുത്തിയിട്ടുള്ള ചാർജ്ജും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ;

(സി) ആദ്യത്തെ ഫെയർസ്റ്റേജിന്റെ ദൂരവും അതിന് തിരുവനന്തപുരം സിറ്റിയിൽ നിർണ്ണയിച്ചിട്ടുള്ള ചാർജ്ജും എത്രയാണ്;

(ഡി) 3-10-1997-ൽ ഫെയർ സ്റ്റേജും ചാർജ്ജും തമ്മിലുള്ള ബന്ധത്തെപ്പറ്റി കേരള ഹൈക്കോടതി എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഈ ഉത്തരവ് എത്ര കാലത്തിനുള്ളിൽ നടപ്പാക്കണമെന്നാണ് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളത്;

(എഫ്) പ്രസ്തുത ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ട് എന്ന് വിശദമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ):

(എ) 1978-ലാണ്.

(ബി) ബന്ധമുണ്ട്.

(സി) ആദ്യത്തെ ഫെയർ സ്റ്റേജിന്റെ ദൂരം 2.5 കി.മീറ്ററും അതിനുള്ള ചാർജ്ജ് മിനിമം ചാർജ്ജായ 2.50 രൂപയുമാണ്.

(ഡി) 3-10-1997-ൽ ഇത് സംബന്ധിച്ച് ഹൈക്കോടതി ഉത്തരവുകൾ പുറപ്പെടുവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ ആന്റ് എഫ്) ചോദ്യം ഉദിക്കുന്നില്ല.